**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3504** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഐ. ടി. ഐ. കളിലെ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ. ടി. ഐ. കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) തസ്തികയിൽ നിലവിൽ 19 ഒഴിവുകളുണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം ഐ. ടി. ഐ. കളിലാണ് ഒഴിവുകൾ ഉള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഗവ. ഐ.ടി.ഐ (വ)വെസ്റ്റ് എളേരി, ഗവ..ഐ.ടി.ഐ മടിക്കൈ, ഗവ. ഐ.ടി.ഐ കൂത്തുപറമ്പ് എന്നിവിടങ്ങളിൽ 2 ഒഴിവുകൾ വീതവും, ഗവ.ഐ.ടി.ഐ മാടായി, ഗവ..ഐ.ടി.ഐ വടകര, ഗവ..ഐ.ടി.ഐ പേരാമ്പ്ര, ഗവ.ഐ.ടി.ഐ കണ്ണൂർ, ഗവ..ഐ.ടി.ഐ സീതാംഗോളി, ഗവ..ഐ.ടി.ഐ ചിത്തിരപ്പുരം, ഗവ..ഐ.ടി.ഐ മണിയൂർ,ഗവ.ഐ.ടി.ഐ ദേശമംഗലം, ഗവ.ഐ.ടി.ഐ അട്ടപ്പാടി , ഗവ.ഐ.ടി.ഐ കാസർഗോഡ്, ഗവ.ഐ.ടി.ഐ ചാലക്കുടി, ഗവ.ഐ.ടി.ഐ പെരുമാട്ടി, ഗവ.ഐ.ടി.ഐ നാഗലശ്ശേരി എന്നി ഐ.ടി.ഐ കളിൽ ഓരോ ഒഴിവ് വീതവും ഉണ്ട്. |
| (സി) | ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | 11 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് ആശ്രിത നിയമന നടപടികൾക്കായി മാറ്റിവെച്ചിട്ടുണ്ട്. KS&SSR part 1 rule 8 ലെ വ്യവസ്ഥ പ്രകാരം വകുപ്പിലേക്ക് തിരികെ വരുന്നതിനായി ലഭിച്ച അപേക്ഷയിലേയ്ക്ക് ഒരു ഒഴിവ് മാറ്റിവെച്ചിട്ടുണ്ട്. പഠനാവശ്യത്തിനായി ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരിക്കുന്ന ഇൻസ്ട്രക്ടർ 20.01.2026 ന് മടങ്ങി വരുമ്പോൾ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിനായി ഒരു ഒഴിവ് മാറ്റിവെച്ചിട്ടുണ്ട്. vacation vacancy യിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനത്തിനായുള്ള ഒരു ഒഴിവ് ഉൾപ്പെടെ ആകെ 5 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വികരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ